# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ചലച്ചിത്രതാരം മോഹൻലാൽ 2023 ലെ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം ഏറ്റുവാങ്ങും.

   **The 71st National Film Awards will be presented by President Draupadi Murmu in New Delhi today. Film star Mohanlal will receive the 2023 Dadasaheb Phalke Award.**

2. പിഎം ഉജ്ജ്വല പദ്ധതിയുടെ കീഴിൽ 25 ലക്ഷം എൽപിജി കണക്ഷനുകൾ അധികമായി നൽകാൻ കേന്ദ്ര സർക്കാർ അംഗീകാരം.

   **The Union government has approved 25 lakh additional LPG connections under the PM Ujjwala scheme.**

3. ആയുർവേദം ജനങ്ങൾക്കും ഗ്രഹത്തിനും എന്ന പ്രമേയത്തിലൂന്നി ഇന്ന് ദേശീയ ആയുർവേദ ദിനം. ദേശീയ ധന്വന്തരി ആയുർവേദ പുരാസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും.

   **Today is National Ayurveda Day with the theme of Ayurveda for people and planet. The National Dhanvantari Ayurveda Awards will be presented today.**

4. സംസ്ഥാന തല ആയുർവേദ ദിനാചരണവും വിവിധ ആയുർവേദ പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി വീണാ ജോർജ് ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

   **Minister Veena George will inaugurate the state-level Ayurveda Day celebrations and various Ayurveda projects in Thiruvananthapuram today.**

5. പലസ്തീനെ രാഷ്ട്രമായി അംഗീകരിച്ച് ഫ്രാൻസ്. ഐക്യരാഷ്ട്ര പൊതുസഭയുടെ 80-ാമത് സമ്മേളനത്തെ യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്ന് അഭിസംബോധന ചെയ്യും.

**France recognizes Palestine statehood. US President Donald Trump will address the 80th session of the United Nations General Assembly today.**

6. കൊളംബോയിൽ നടന്ന അണ്ടർ-17 സാഫ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ സെമിയിൽ കടന്നു.

**India entered the semi-finals of the Under-17 SAFF Football Championship held in Colombo.**

&&&&&&&&&&&&&&&&

## NATIONAL FILM AWARDS

71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് ന്യൂഡൽഹിയിലെ വിഖ്യാൻ ഭവനിൽ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്യും. ജവാൻ, 12th ഫെയിൽ എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് മികച്ച നടനുള്ള പുരസ്ക്കാരം ഷാരൂഖ് ഖാനും വിക്രാന്ത് മാസിയ്ക്കും സമ്മാനിക്കും. റാണി മുഖർജിക്കാണ് മികച്ച നടിക്കുള്ള പുരസ്ക്കാരം. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള അവാർഡ് ഉർവശിയും ഏറ്റുവാങ്ങും. ചടങ്ങിൽ നടൻ മോഹൻലാലിന് 2023 ലെ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം സമ്മാനിക്കും.

&&&&&&&&&&&&&&&&

## PM- UJWALA (INTRO)

ഈ സാമ്പത്തിക വർഷം പിഎം ഉജ്ജ്വല പദ്ധതിയുടെ കീഴിൽ 25 ലക്ഷം എൽപിജി കണക്ഷനുകൾ അധികമായി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടാണ് പുതിയ നടപടി. എല്ലാ സ്ത്രീകൾക്കും എൽപിജി കണക്ഷൻ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പുതിയ തീരുമാനത്തോടെ 10.58 കോടിയിലധികം ആളുകൾ ഉജ്ജ്വല പദ്ധതിയിൽ

അംഗങ്ങളായതായും കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി മാധ്യമങ്ങളോട് പറഞ്ഞു.
(വോയ്സ്)

&&&&&&&&&&&&&&&&

## 10TH NATIONAL AYURVEDA DAY

പത്താമത് ദേശീയ ആയുർവേദ ദിനം രാജ്യത്തു ഇന്ന് വിപുലമായ പരിപാടികളോടെ ആഘോഷിക്കും. ഗോവയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിൽ കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി ശ്രീപാദ് യെസ്സോ നായിക് ചടങ്ങിൽ പങ്കെടുക്കും."ആയുർവേദം ജനങ്ങൾക്ക്, ആയുർവേദം ഗ്രഹത്തിന്" എന്നതാണ് ഈ വർഷത്തെ പ്രമേയം. 2025 ലെ ദേശീയ ധന്വന്തരി ആയുർവേദ പുരാസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും.

&&&&&&&&&&&&&&&&

## AYURVEDIC DAY

പത്താമത് ആയുർവേദ ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. ദിനാചരണത്തോടനുബന്ധിച്ച് 14.39 കോടി രൂപയുടെ 12 പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. വി.കെ. പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&

## GST GENERAL

GST പരിഷ്ക്കാരങ്ങൾ നിലവിൽ വന്നതോടെ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു. പുതു തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കുമെന്നും പുതിയ പരിഷ്കാരങ്ങൾ പ്രതിമാസ ഗാർഹിക ചെലവുകൾ ലഘൂകരിക്കുകയും സമ്പാദ്യം വർദ്ധിപ്പിക്കുകയും ചെയ്യുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

&&&&&&&&&&&&&&&&

## REV. JAISHANKAR-RUBIO

യുഎൻ പൊതുസഭ സമ്മേളനത്തിൽ പങ്കെടുക്കാൻ ന്യൂയോർക്കിൽ എത്തിയ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി കൂടിക്കാഴ്ച നടത്തി. സമകാലിക പ്രാധാന്യമുള്ള നിരവധി ഉഭയകക്ഷി, അന്തർദേശീയ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായതായി ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയിലേയ്ക്കുള്ള നിയുക്ത യു.എസ് അംബാസഡർ സെർഗിയോ ഗോറുമായും അദ്ദേഹം കൂടികാഴ്ച നടത്തി.

&&&&&&&&&&&&&&&&

## NAVARATRI - TVPM

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. മൂന്ന് ദിവസം നീണ്ട ഘോഷയാത്രയോടെ പദ്മനാഭപുരത്തു നിന്ന് നവരാത്രി വിഗ്രഹങ്ങൾ തലസ്ഥാനത്തെത്തി. പത്മനാഭസ്വാമി ക്ഷേത്രം സ്ഥാനി രാമവർമ വിഗ്രഹങ്ങളെ വരവേറ്റു. തുടർന്ന് ഉടവാൾ ഏറ്റുവാങ്ങി. പത്മതീർഥക്കുളത്തിലെ ആറാട്ടിന് ശേഷം സരസ്വതീ ദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തി. വേളിമല കുമാരസ്വാമിയെ ആര്യശാല ദേവീക്ഷേത്രത്തിലേക്കും മുന്നൂറ്റി നങ്കയെ ചെന്തിട്ട ദേവീക്ഷേത്രത്തിലേക്കും കൊണ്ടുപോയി. ഒക്ടോബർ രണ്ടിനാണ് പൂജയെടുപ്പ്.

&&&&&&&&&&&&&&&&

## AMIT SHAH START UP

സ്റ്റാർട്ടപ്പ് കോൺക്ലേവ് 2025 കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഗുജറാത്തിലെ ഗാന്ധിനഗറിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ പരിപാടിയിൽ 1,000-ത്തിലധികം സ്റ്റാർട്ടപ്പുകൾ, 100 വ്യവസായ ഉപദേഷ്ടാക്കൾ തുടങ്ങിയവർ പങ്കെടുക്കും. സ്റ്റാർട്ടപ്പ് ഇന്ത്യ, ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം തിരഞ്ഞെടുത്തവ ഉൾപ്പെടെ 20 സംസ്ഥാനങ്ങളിൽ നിന്നുള്ള 170-ലധികം സ്റ്റാർട്ടപ്പുകളും പ്രതിരോധ മികവിനുള്ള നൂതനാശയങ്ങളും കോൺക്ലേവിൽ പ്രദർശിപ്പിക്കും.

&&&&&&&&&&&&&&&&

## MORN. SEVA PARV–INFORMAL SECTOR (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ ക്ഷേമ നടപടികൾ, സാമൂഹിക സുരക്ഷ, സാമ്പത്തിക ഉൾപ്പെടുത്തൽ എന്നിവയിലൂടെ അനൗപചാരിക തൊഴിൽ മേഖലയെ എങ്ങനെ ശക്തിപ്പെടുത്തിയെന്നതാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. (വോയ്സ്)

## MORN. SEVA PARV–INFORMAL SECTOR (VOICE)

(മ്യൂസിക്)

ജിഡിപിയിൽ ഏകദേശം 45 ശതമാനം സംഭാവന നൽകുന്ന അനൗപചാരിക മേഖല ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഒരു പ്രധാന പങ്കാളിയാണ്. സർക്കാർ പദ്ധതികൾ, അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെ ശാക്തീകരിച്ചു . പിഎം സ്വനിധി പദ്ധതി വഴിയോര കച്ചവടക്കാർക്ക് പ്രവർത്തന മൂലധന വായ്പ സുഗമമാക്കി. (പി.എം ഹോൾഡ് വോയ്സ്)

അനൗപചാരിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ സാമ്പത്തിക വളർച്ചയും സ്ഥിരതയും ഉറപ്പക്കാൻ കേന്ദ്ര സർക്കാരിന്റെ വിവിധ സംരംഭങ്ങൾ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ, വായ്പ, പരിശീലനം എന്നിവ ലഭ്യമാക്കുന്നു.

&&&&&&&&&&&&&&&&

## FRANCE–PALESTINE STATE

പലസ്തീനെ രാഷ്ട്രമായി അംഗീകരിച്ച് ഫ്രാൻസ്. പലസ്തീൻ രാഷ്ട്രത്തെ ഔപചാരികമായി അംഗീകരിക്കുന്നതായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ പ്രഖ്യാപിച്ചു. യു എൻ പൊതുസഭയെ അഭിസംബോധന ചെയ്ത അദ്ദേഹം, ഇസ്രായേലി-പലസ്തീൻ ജനതകൾ തമ്മിലുള്ള സമാധാനത്തെ പിന്തുണയ്ക്കുന്നതായി പറഞ്ഞു. ഓസ്‌ട്രേലിയ, ബ്രിട്ടൻ, കാനഡ, പോർച്ചുഗൽ എന്നിങ്ങനെ പത്തോളം രാജ്യങ്ങൾ പലസ്തീനെ രാഷ്ട്രമായി അംഗീകരിച്ചിരുന്നു. എന്നാൽ യു എസ് ഈ നീക്കത്തെ വിമർശിച്ചു.

&&&&&&&&&&&&&&&&

## TRUMP-UNGA

ഐക്യരാഷ്ട്ര പൊതുസഭയുടെ 80-ാമത് സമ്മേളനത്തെ യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്ന് അഭിസംബോധന ചെയ്യും. രണ്ടാം വട്ടം അധികാരത്തിലേറിയ ശേഷമുള്ള ആദ്യ എട്ട് മാസത്തിനുള്ളിൽ താൻ കൈവരിച്ച ചരിത്രപരമായ നേട്ടങ്ങളെക്കുറിച്ച് പ്രസിഡന്റ് ട്രംപ് വിശദീകരിക്കുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസുമായും യുക്രെയ്ൻ, അർജന്റീന, യൂറോപ്യൻ യൂണിയൻ നേതാക്കളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

## Under-17 SAFF

കൊളംബോയിൽ നടന്ന അണ്ടർ-17 സാഫ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചു. രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് പാകിസ്ഥാനെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി പ്രവേശനം.

&&&&&&&&&&&&&&&&

## BALLON D'OR

ലോകത്തിലെ മികച്ച ഫുട്ബാൾ താരങ്ങളെ ആദരിക്കുന്നതിനുള്ള ബാലൻ ദോർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 2025 ലെ പുരുഷന്മാർക്കുള്ള ബാലൻ ദോർ പാരിസ് സെയിന്റ് ജർമൻ താരം ഉസ്മാൻ ദെംബലേ  കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ ബാഴ്സലോണയുടെ ഐറ്റണ ബോൺമാതി തുടർച്ചയായ മൂന്നാം ബാലൻ ദോർ നേടി ചരിത്രം കുറിച്ചു.

&&&&&&&&&&&&&&&&

## CRICKET

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും. രാത്രി എട്ടിന് അബുദാബി ഷെയ്ഖ് സൈയിദ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം നാളെയാണ്. നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.

&&&&&&&&&&&&&&&&

## MORN.ZUBEEN-LAST RITES

അസം ഗായകൻ സുബീൻ ഗാർഗിന്റെ സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് ഗുവാഹത്തിൽ നടക്കും. ദശലക്ഷ കണക്കിന് ജനങ്ങളാണ് തങ്ങളുടെ പ്രിയ ഗായകന് ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തുന്നത്. ഒരു വിഭാഗം ജനങ്ങളുടെ ആവശ്യപ്രകാരം സുബീൻ ഗാർഗിന്റെ മൃതദേഹം ഇന്ന് വീണ്ടും പോസ്റ്റ്മോർട്ടം ചെയ്യുമെന്ന് അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ പറഞ്ഞു.കേന്ദ്ര സർക്കാരിനെ പ്രതിനിധീകരിച്ച് കേന്ദ്രമന്ത്രി കിരൺ റിജിജു സംസ്കാര ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

## MORN. MHA- NSCN BAN

നിയമവിരുദ്ധ സംഘടനയായ നാഷണൽ സോഷ്യലിസ്റ്റ് കൗൺസിൽ ഓഫ് നാഗാലാൻന്റിന്റെ നിരോധനം അഞ്ച് വർഷത്തേക്ക്കൂടി നീട്ടി കേന്ദ്ര സർക്കാർ. നിരോധനം ഈ മാസം 28 മുതൽ പ്രാബല്യത്തിൽ വരും. രാജ്യത്തിന്റെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും ഹാനികരമായ പ്രവർത്തനങ്ങളിൽ അസോസിയേഷൻ പങ്കാളിയാണെന്ന് ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&

## SWACHHTHA CAMPAIGN

സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായി സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ്റെ സംയോജിത ബോധവത്കരണ പരിപാടിയുടെ മുന്നോടിയായി തിരുവനന്തപുരം വേളിയിൽ കടൽ തീരശുചീകരണ യജ്ഞം സംഘടിപ്പിച്ചു. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ, എൻസിസി, എൻഎസ്എസ് വോളണ്ടിയർമാർ എന്നിവർ പങ്കെടുത്തു.

&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&&&&